# പുകവലി

പുകവലിമൂലം രോഗികളായ ഏഴുലക്ഷം പേർക്ക് നഷ്ടപരിഹാരമായി 14,500 കോടി ഡോളർ (6,52,500 കോടി രൂപ) നൽകാൻ അമേരിക്കയിലെ അഞ്ചു വൻകിട സിഗററ്റ് കമ്പനികളോട് ഫ്ളോറിഡയിലെ കോടതി ഉത്തരവായി.

മൽബറോ സിഗരറ്റിന്റെ നിർമ്മാതാക്കളായ ഫിലിപ് മോറിസ് കമ്പനി 7390 കോടി ഡോളർ (3,32,550 കോടി രൂപ), വിൻസ്റ്റൺ സിഗരറ്റ് നിർമ്മാതാക്കളായ ആർ.ജെ. റെയ്നോൾഡ്സ് 3630 കോടി ഡോളറും (1,63,350 കോടി രൂപ), ബ്രൗൺ ആൻഡ് വില്യം സൺ 1750 കോടി ഡോളറും (78,750 കോടി രൂപ), ലോറിയോസ് ടുബാക്കോ 1600 കോടിയോളം ഡോളറും (72,000 കോടി രൂപ) ലിഗൈറ്റ് ഗ്രൂപ്പ് 79 കോടി ഡോളറും (3555 കോടി രൂപ) നൽകണമെന്നാണ് വിധി.

സിഗരറ്റ് വലിച്ച് പലവിധ രോഗങ്ങൾ ബാധിച്ച ഫ്ളോറിഡയിലെ ഏഴുലക്ഷം പുകവലി രോഗികൾ കൂട്ടത്തോടെ സമർപ്പിച്ച ഹർജികളിന്മേലാണ് ആറംഗ ജൂറിയുടെ ഈ വിധി.